**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1897** **13-02-2025 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി ഉൾപ്പെടെയുള്ള നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിയ്ക്കാനാകുമെന്ന് വ്യക്തമാക്കാമോ; | (എ) | കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് 19.12.2023-ൽ 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിനെ തുടർന്ന് 12.03.2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.രാഹുൽ രാജേന്ദ്രൻ, തിരുവനന്തപുരം എന്ന കരാറുകാരനുമായി 27.09.2024 ന് 1,14,18,295/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. ടി പ്രവൃത്തി 20% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഡ്രെയിൻ വർക്ക് പൂർത്തിയായി. എർത്ത് ലെവലിംഗ് പ്രവൃത്തി നടന്നുവരുന്നു. ഫെൻസിംഗ് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. പ്രസ്തുത സ്റ്റേഡിയം നിർമ്മാണം 2025 ഏപ്രിൽ മാസം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രസ്തുത മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിയ്ക്കാനാകുമെന്നും വിശദമാക്കുമോ? | (ബി) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് കായിക യുവജനകാര്യ ഡയറക്ടർ 16.03.2024-ന് 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയതിനെ തുടർന്ന് 30.04.2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സുനിൽ.എസ്, തിരുവനന്തപുരം എന്ന കരാറുകാരനുമായി 15.10.2024 ന് 75,39,135/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. ടി പ്രവൃത്തി 20% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഗ്രൗണ്ട് വികസന പ്രവൃത്തി പൂർത്തിയായി. ഫെൻസിംഗ്, ടോയ്ലറ്റ് ബ്ലോക്ക് പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത സ്റ്റേഡിയം നിർമ്മാണം 2025 ഏപ്രിൽ മാസം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ